നിർദ്ദേശിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ അനുസരിച്ച് കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ അംഗീകാരം ഇതിന് ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയായിട്ടില്ല.

**73 (3398) ട്രേഡ് അപ്രന്റീസുകളുടെ പ്രതിമാസ സ്റ്റൈപ്പന്റ്**

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രേഡ് അപ്രന്റീസുകൾക്ക് നൽകുന്ന പുതിക്കിയ പ്രതിമാസ സ്റ്റൈപ്പന്റ്; കെ.എസ്.ആർ.ടി.സി.യിലെ അപ്രന്റീസുകൾക്ക് നൽകുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റൈപ്പന്റ് ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

**74 (3399) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ഡി.എ. കുടിശ്ശിക**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കുടിശ്ശികയായ ഒരു ഗഡു ഡി.എ. നൽകാമെന്നു പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഡി.എ. എന്നേയ്ക്ക് നൽകുവാൻ കഴിയും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)

1-1-'98 മുതൽ സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്ക് അനുവദിച്ചു നൽകിയ ഡി.എ. വർദ്ധനവ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 6/99 മുതൽ നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

**75 (3400) ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജ്**

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സ്ഥാപിച്ച ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജ്മെന്റ് ഇപ്പോൾ ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly